പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1606** **16-10-2026-ൽ മറുപടിയ്ക്ക്**

**മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

**മറുപടി:** ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട മരുതറോഡ് പഞ്ചായത്ത് കളിസ്ഥലം വികസന പ്രവൃത്തിക്കായി ബഹു.മലമ്പുഴ നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്ലാൻഫണ്ട് വിഹിതമായ 50ലക്ഷം ഉൾപ്പെടെ 100.00 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും, ശ്രീ.ഷാജി.കെ.പാലക്കാട് എന്ന കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു.

പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, സ്റ്റെപ്പ് ഗ്യാലറി, ഫെൻസിംഗ്, ഡ്രെയിൻ, ഇൻർലോക്ക്, ടോയ്ലറ്റ് കം ചെയ്ഞ്ച് റൂം, ഫ്ലെഡ് ലൈറ്റ്, സ്ട്രീറ്റ് ലൈറ്റ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് പഞ്ചായത്തിന്റെ നിർദ്ദേശാനുസരണം പുതിയതായി നിർമ്മിച്ച ഗ്യാലറിയോട് ചേർന്ന് അധിക പ്രവൃത്തിയായി ഫെൻസിംഗ് പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 2026 ഒക്ടോബർ മാസം അവസാനത്തോടു കൂടി സ്റ്റേഡിയം തുറന്ന് നൽകുവാൻ സാധിക്കുന്നതാണ്.

**(ബി)** പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം പണികളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളതെന്നും നിർമ്മാണം പൂർത്തീകരിച്ച് സ്റ്റേഡിയം എന്നത്തേക്ക് തുറന്ന് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**